"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - ശ്രീ. വാസുപ്രദീപ്.പി (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് )-യുടെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1014/2022/LSGD തീയതി,തിരുവനന്തപുരം, 25-04-2022

പരാമർശം:-

1. 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന
3. 12.01.2018 തീയതിയിലെ സ.ഉ.(സാധാ) നം.134/2018/തസ്വഭവ
4. 12.04.2018 തീയതിയിലെ സ.ഉ.(സാധാ) നം.1031/2018/തസ്വഭവ
5. 27.09.2019 തീയതിയിലെ സ.ഉ.(സാധാ) നം.2109/2019/തസ്വഭവ
6. 09.08.2020 തീയതിയിലെ സ.ഉ.(സാധാ) നം.1478/2020/തസ്വഭവ
7. 21.01.2022 തീയതിയിലെ സ.ഉ.(സാധാ) നം.161/2022/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.01.2022 ലെ 668/ഇ1/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (3)ലെ ഉത്തരവ് പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റ് പൊതുഭരണവകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. വാസുപ്രദീപ്.പി- യെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. തുടർന്ന് ദീർഘിപ്പിച്ചു നൽകിയ ടിയാളുടെ അന്യത്രസേവന കാലാവധി 22.01.2022 ൽ അവസാനിച്ചതായും 23.01.2022 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (8) ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വാസുപ്രദീപ്. പി-യുടെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 23.01.2022 മുതൽ പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ നിയമനം നടക്കുന്നത് വരെ മാത്രം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

സ.ഉ.(സാധാ) നം.1014/2022/LSGD

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.

ശ്രീ. വാസുപ്രദീപ്.പി ,സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (

പൊതുഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

പൊതുഭരണ(സർവീസസ്-എ) വകുപ്പ് (എസ്.എ3/112/2022/പൊഭവ പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/76/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**

**Date: 25-04-2022 15:17:52**

സെക്ഷൻ ഓഫീസർ